**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി പ്രകാരം എത്ര പേർക്കാണ് വീടിന് അർഹതയുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവരുടെ ഭവന നിർമ്മാണത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (NIRD) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും, 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരുമായിരുന്നു. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 15603 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016-17-ൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3561 പേരെ ഭവന നിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ, 3041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2017-18 വർഷം മുതൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷൻ മുഖേനയാണ് നടപ്പാക്കി വരുന്നത്. ഫിഷറീസ് വകുപ്പ് 7778 ഭവന രഹിതരായ മത്സ്യത്തൊഴിലാളികളുടെ വിവരം ലൈഫ് മിഷന് കൈമാറിയതിൽ 5744 പേർ അർഹരാണെന്ന് കണ്ടെത്തുകയും അതിൽ 3447 പേർ കരാറിൽ ഏർപ്പെടുകയും 1325 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ | (ബി) | |

| | | | |
|---|---|---|---|
| | വസിക്കുന്നവരെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | | പുനർഗേഹം പദ്ധതി പ്രകാരം മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളിൽ, 3313 പേർ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും, 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2122 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 1435 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം 276 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | നിർദ്ദിഷ്ട പ്രദേശങ്ങളിൽ നിന്നും മാറ്റിപ്പാർപ്പിക്കേണ്ടവരിൽ എത്ര കുടുംബങ്ങൾ അതിന് തയ്യാറായിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ? | (സി) | പദ്ധതി പ്രകാരം മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 8235 കുടുംബങ്ങളാണുള്ളത്. |

സെക്ഷൻ ഓഫീസർ